പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2927*** ***10.05.2017 ലെ മറുപടിക്ക്***

***എൻ. ആർ. ഐ കമ്മീഷന്റെ പ്രവർത്തനങ്ങൾ***

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. പി.ടി. തോമസ് | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) എൻ. ആർ. ഐ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) 26.04.2016 ലെ സ. ഉ (പി) 2/2016/നോർക്ക നമ്പർ ഉത്തരവിൻ പ്രകാരം ചെയർപേഴ്സൺ ഉൾപ്പെടെ 5 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കപ്പെട്ട എൻ. ആർ. ഐ (കെ) കമ്മീഷന്റെ പ്രവർത്തനം 30.04.2016 ൽ ആരംഭിച്ചിട്ടുണ്ട്. കമ്മീഷൻ ആക്റ്റിൽ നിഷ്കർഷിക്കുന്ന പ്രായപരിധിയായ 65 വയസ്സ് അധികരിച്ച 2 അംഗങ്ങൾ ഒഴികെയുള്ള 2 മെമ്പർമാരും ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും അടങ്ങിയതാണ് നിലവിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ഘടന. കമ്മീഷന്റെ 4 സ്റ്റാറ്റ്യൂട്ടറി മീറ്റിംഗുകളും 2 സിറ്റിംഗുകളും ഈ കാലയളവിൽ നടന്നിട്ടുണ്ട്. കൂടാതെ കമ്മീഷൻ ആക്റ്റിനെക്കുറിച്ചും കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചും പൊതുജനാവബോധം സൃഷ്ടിക്കാൻ പ്രവാസി ഭാരതീയർ കൂടുതൽ ഉള്ള മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രവാസി സംഘടനകളേയും മാധ്യമങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) കമ്മീഷന്റെ ഓഫീസ് എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) തിരുവനന്തപുരത്തുള്ള നോർക്ക സെന്ററിലാണ് കമ്മീഷന്റെ ഓഫീസ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ എറണാകുളത്തുള്ള നോർക്ക റൂട്ട്സിന്റെ ബിൽഡിംഗിൽ ഒരു ഫയലിംഗ് സ്റ്റേഷൻ ഓഫീസും സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിനോടകം കമ്മീഷന് എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ തീരുമാനം ഉണ്ടായോ എന്നുമുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ ? | (സി) | ഇതിനോടകം കമ്മീഷന് 17 പരാതികൾ ലഭിച്ചിട്ടുണ്ട്. കമ്മീഷന്റെ അധികാര പരിധിയിൽ വരാത്ത 2 പരാതികൾ ഒഴികെയുള്ള 15 പരാതികളിൽ നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ 3 പരാതികൾ കമ്മീഷന്റെ കഴിഞ്ഞ 2 സിറ്റിങ്ങുകളിൽ പരിഗണിച്ചിട്ടുണ്ട്. തുടർ സിറ്റിംഗുകൾ ആവശ്യമായതിനാൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ടി പരാതികളും പുതിയ 6 പരാതികളും ചേർത്ത് 9 പരാതികൾ 18.05.2017 ന് നടത്തുന്ന സിറ്റിംഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് 6 പരാതികൾ കമ്മീഷന്റെ സ്റ്റാറ്റ്യൂട്ടറി മീറ്റിംഗിൽ വച്ച് പരിഗണിക്കേണ്ടുന്ന വിഷയങ്ങളായതിനാൽ അടുത്ത സ്റ്റാറ്റ്യൂട്ടറി മീറ്റിംഗിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുന്നതാണ്. |

Sheeja

സെക്ഷൻ ഓഫീസർ.